LIBRARY ARCHIVES Kerala Legislative Assembly

പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിലും വിതരണം ചെയ്യപ്പെടുന്നതിലും ഉണ്ടായ വീഴ്ച

117 (123) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16-ൽ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യേണ്ട പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിലും വിതരണം ചെയ്യപ്പെടുന്നതിലും വീഴ്ച വരുത്തിയതിന് ധനകാര്യ വകുപ്പ് കാരണക്കാരാണെന്നും ധനകാര്യ വകുപ്പിൽ ഫയൽ പിടിച്ചുവച്ചതാണിതിനെല്ലാം കാരണമായിട്ടുള്ളതുമെന്ന വിമർശനത്തിൽ ധനകാര്യ വകുപ്പിന്റെ നിലപാട് വെളിപ്പെടുത്താമോ ;

(ബി) ധനകാര്യ വകുപ്പിന്റെ ഭാഗത്ത് നിന്നും ഇക്കാര്യത്തിലുണ്ടായ ഗുരുതരമായവീഴ്ച എന്താണെന്നും അതിനുത്തരവാദികൾ ആരാണെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതും വിതരണം ചെയ്യുന്നതും ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ ഭാഗത്തു നിന്നും ഒരു വീഴ്ചയുമുണ്ടായിട്ടില്ല. ധനകാര്യ വകുപ്പ് ഒരിക്കലും ഫയൽ പിടിച്ചുവയ്ക്കുകയോ, തീരുമാനമെടുത്ത് അറിയിക്കുന്നതിൽ കാലതാമസം വരുത്തുകയോ ചെയ്തിട്ടില്ല. മറിച്ചുള്ള വിമർശനങ്ങൾ തികച്ചും അടിസ്ഥാനരഹിതമാണ്.

(ബി) ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് ഫയലുകളിന്മേൽ യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ല.

സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരകടം

118 (124) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരകടം എത്രയാണെന്ന് വ്യക്തമാക്കാമോ ; 2015-16 സാമ്പത്തികവർഷത്തിലെ കടമെടുപ്പിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 31-3-2015-ൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര കടം 89067.91 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കനുസരിച്ച് സെപ്റ്റംബർ 2015 വരെയുള്ള കാലയളവിൽ 7980.19 (തനി) കോടിരൂപ വായ്പയെടുത്തിട്ടുണ്ട്. ഇതിൽ 6274.64 കോടി രൂപ ആഭ്യന്തര കടം ഇനത്തിലും 25.95 കോടി രൂപ കേന്ദ്ര സഹായ വായ്പ ഇനത്തിലും 1679.60 കോടി രൂപ സ്മാൾ സേവിംഗ്സ്, പ്രൊവിഡന്റ് ഫണ്ട് തുടങ്ങി ഇനത്തിലുമായിരുന്നു.